പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3344 19.06.2018-ലെ മറുപടിക്ക്

# മോട്ടോർ വാഹന വകുപ്പിലെ പുതിയ തസ്തികകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എസ്. ശബരീനാഥൻ | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിന് ആർ.ടി.ഒ മാരുടെയും വെഹിക്കിൾ ഇൻസ്പെക്ടർ മാരുടെയും അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ മാരുടെയും അധിക തസ്തികകൾ സൃഷ്ടിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ തസ്തികകൾ മോട്ടോർ വാഹന വകുപ്പിലാണോ അനുവദിച്ചിട്ടുള്ളത്; ഈ തസ്തികകൾ അനുവദിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; പുതിയ തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയാണോ തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളത് ; | (എ) | 04.06.2018- ൽ പുറപ്പെടുവിച്ച സ.ഉ.(കൈ) നം. 42/2018/ഗതാഗതം പ്രകാരം സേഫ് കേരള പദ്ധതി നടപ്പിലാക്കുന്നതിലേക്കായി മോട്ടോർ വാഹന വകുപ്പിൽ 10 ആർ.ടി.ഒ, 65 എം.വി.ഐ, 187 എ.എം.വി.ഐ ഉൾപ്പടെ 262 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. റോഡ് സുരക്ഷാ വിദഗ്ധനായ ' ശ്രീ.പി.ഡി. സുനിൽ ബാബു തയ്യാറാക്കിയ വിശദമായ പദ്ധതി രൂപരേഖ സർക്കാർ തലത്തിൽ വിശദമായ പരിശോധനകൾക്ക് ശേഷം ധനകാര്യ വകുപ്പിന്റെ അനുമതിയോടെയാണ് മേൽ തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളത്. |
| (ബി) | പുതിയതായി സൃഷ്ടിക്കുന്ന തസ്തികകളിൽ മിനിസ്റ്റീരിയൽ | (ബി) | ഇല്ല. സേഫ് കേരള പദ്ധതിയുടെ ഭാഗമായുള്ള സ്ക്വാഡുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്ന |

| | | | |
|---|---|---|---|
| | ജീവനക്കാരെ നിയമിക്കുന്നതിന് ശിപാർശയുണ്ടോ; ഇല്ലെങ്കിൽ മിനിസ്റ്റീരിയൽ തസ്തികകൾ പുറം കരാർ നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; | | കൺട്രോൾ റൂമിനാവശ്യമായ ആളുകളെ പുറം കരാർ (outsource) മുഖേന നിയമിക്കുന്നതാണ്. |
| (സി) | മോട്ടോർ വാഹന വകുപ്പിൽ അധികമായി മിനിസ്റ്റീരിയൽ ജീവനക്കാരെ നിയമിക്കുന്നതിനായി തസ്തികകൾ സൃഷ്ടിക്കുമോ ; | (സി) | ഇപ്പോൾ പരിഗണനയിലില്ല |
| (ഡി) | പുതുതായി ആരംഭിച്ച കാട്ടാക്കട ഉൾപ്പെടെയുള്ള സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ മതിയായ മിനിസ്റ്റീരിയൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (ഡി) | പുതുതായി ആരംഭിച്ച ഓഫീസുകളിൽ ഒഴിവുള്ള തസ്തികകളിൽ ജീവനക്കാരെ നിയമിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**